(Pages : 4) **H – 6584**

Reg. No. : ..............................

Name : ..................................

# First Semester B.A./B.Sc. (SDE) Degree Examination, December 2019

## First Degree Programme under CSS

## Malayalam Language

## Language Course II — Additional Language I

## ML 1111.1 : മലയാളകവിത

## (2017 admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. പാർത്ഥസാരഥീ വർണ്ണന മഹാഭാരതം കിളിപ്പാട്ടിലെ ഏതു പർവ്വത്തിൽ നിന്നുമാണ് എടുത്തിട്ടുള്ളത്?

2. വീരപുരുഷാരാധനം എന്ന് ഉള്ളൂർ വിശേഷിപ്പിച്ചിട്ടുള്ളത് ഏതിനെ?

3. ആശാന്റെ 'കരുണ'യ്ക്ക് പ്രചോദനമായ ലക്ഷ്മീനരാസുവിന്റെ കൃതിയേത്?

4. 'തുടിക്കുന്ന താളുകൾ' ആരുടെ ആത്മകഥയാണ്?

5. 'കാച്ചിക്കുറുക്കിയ കവിത'കളുടെ കർത്താവായി അറിയപ്പെടുന്നതാര്?

6. കമ്മ്യൂണിസ്റ്റ് കവിത്രയം എന്ന് അറിയപ്പെടുന്നത് ആരെല്ലാം?

7. 'കറുത്ത പക്ഷിയുടെ പാട്ട്' ആരുടെ കവിതാസമാഹാരമാണ്?

P.T.O.

gcwcentrallibrary.in

8. സുഗതകുമാരിയുടെ ഏതു കൃതിക്കാണ് സരസ്വതിസമ്മാൻ ലഭിച്ചത്?

9. "ആത്മരക്ഷാർത്ഥം സാഹിത്യത്തെ ആശ്രയിച്ച ഒരഭയാർത്ഥിമാത്രമാണു ഞാൻ" എന്നു പ്രസ്താവിച്ച കവി ആരാണ്?

10. ഗ്രാമവൃക്ഷത്തിലെ വവ്വാൽ ആരുടെ കവിതാസമാഹാരമാണ്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

11. "പലതുമിങ്ങനെ നവനവരസ-

മിടയിടക്കുടക്കലർന്ന നേത്രവും" - വിശദമാക്കുക.

12. കുറിപ്പെഴുതുക - വടക്കൻ പാട്ടുകൾ.

13. വാസവദത്തയുടെ മനോഹരമായ കണ്ണുകളെ കവി വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെ?

14. "മമ മുന്നിൽ നിന്നു നീ മലയാള കവിതേ" - എങ്ങനെയാണ് നിന്നത്?

15. "മാരിവില്ലെന്നേ നിനച്ചു പോയ് നാം" - എന്തിനെ?

16. "സാനുവിൽത്തിണ്ടു കുത്തുന്ന

കൊമ്പനാന കണക്കിനേ" - കാണപ്പെടുന്നതെന്ത്?

17. സ്വാതന്ത്ര്യത്തിൻ നൂറുനൂറൽത്താരകൾ കാണുന്നത് എവിടെയെല്ലാം?

18. കുറ്റിപ്പുറം പാലത്തിൽ കൂടെ ബസ്സിൽ പോകുന്നയാൾ കാണുന്ന കാഴ്ചയെന്താണ്?

19. ആശുപത്രിക്കരികിൽ അമ്മയെ ഉപേക്ഷിക്കാതിരുന്നതെന്തുകൊണ്ട്?

20. പി.പി. രാമചന്ദ്രന്റെ പ്രധാന കൃതികൾ ഏതെല്ലാം?

21. കാട്ടാളന്റെ അലർച്ചയെ കവി വിശേഷിപ്പിക്കുന്നത് എങ്ങനെയാണ്?

22. "നഗ്നചന്ദ്രികയിലെൻ മനസ്സേ നീയും പൂർണ്ണ-
മഗ്നമായ് മറന്നിരുന്നൊരു ഗീതകം ചൊല്ലു." - വിശദീകരിക്കുക.

**(8 × 2 = 16 Marks)**



gcwcentrallibrary.in

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. മലയാള ഭാഷയ്ക്ക് എഴുത്തച്ഛൻ നല്കിയ സംഭാവനകൾ വിലയിരുത്തുക.

24. പുത്തൂരം വീട്ടിലെത്തിയ ചന്തുവിനോടുള്ള ഉണ്ണിയാർച്ചയുടെ അപേക്ഷ സംഗ്രഹിക്കുക.

25. "വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും"
- ആശയം വ്യക്തമാക്കുക.

26. "ഭാഗ്യം കെടില്ലൊരു, നാട്ടിനു, മുണ്ടയൽ-
പക്കങ്ങളെങ്കിൽ സ്സഹകരിച്ചീടുവാൻ"
- വിശദീകരിക്കുക.

27. "നിന്നുരസ്സിൽ പ്രതിഫലി-
ക്കാതെയെന്തുള്ളു മേഘമേ?"
- പ്രതിഫലിക്കുന്നതെന്തെല്ലാം?

28. സന്ദർശകമുറിയിൽ പ്രണയിനിയുമൊത്തുള്ള മൗനമുദ്രിതമായ നിമിഷങ്ങൾ 'സന്ദർശനം' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

29. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും" - എന്തുകൊണ്ട്?

30. "പാരിസ്ഥിതികാവബോധം മാത്രമല്ല, ആഴമേറിയ ജീവിതാവബോധവും കുറ്റിപ്പുറം പാലം എന്ന കവിത പ്രകടിപ്പിക്കുന്നുണ്ട്." - പരിശോധിക്കുക.

31. "ജന്മം ഞാൻ കണ്ടു ഞാൻ നിർവൃതിക്കൊണ്ടു;
ജന്മാന്തരങ്ങളിലെസ്സുകൃതാമൃതമുണ്ടൂ." - വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. "മർത്ത്യായുസ്സിൽ വിലപ്പെട്ട ചില മുന്തിയ സന്ദർഭങ്ങളെ - മാത്രകളെ - ആണ് ഊഞ്ഞാലിൽ എന്ന കവിത പൊലിപ്പിച്ചു കാട്ടുന്നത്" - ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.



gcwcentrallibrary.in

33. “ദലിത് ബോധത്തിന്റെയും സ്ത്രീപക്ഷവീക്ഷണത്തിന്റെയും പാരിസ്ഥിതികാവബോധത്തിന്റെയും കാഴ്ചപ്പാടുകൾ ‘കിരാതവൃത്ത’ത്തിൽ കലർന്നു കിടക്കുന്നു.” - വ്യക്തമാക്കുക.

34. “സ്ത്രൈണതയുടെ അന്തർദാഹം ആത്മീയദാഹമായി മാറുകയാണ് അഭിസാരിക എന്ന കവിതയിൽ.” വിശകലനം ചെയ്യുക.

35. ‘എന്റെ ദന്തഗോപുരത്തിലേയ്ക്ക് ഒരു ക്ഷണക്കത്ത്’ എന്ന കവിതയിൽ വിപ്ലവത്തെക്കുറിച്ചുള്ള തന്റെ നിലപാടുകളെ കാര്യകാരണാടിസ്ഥാനത്തിൽ വയലാർ സാധൂകരിക്കുന്നത് എങ്ങനെയെന്നു വിശദീകരിക്കുക.

**(2 × 15 = 30 Marks)**

gcwcentrallibrary.in